**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2049** **22.01.2014-ൽ മറുപടിക്ക്.**

## 'ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് 'ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്' എന്ന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി " ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തുടക്കത്തിൽ തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിലാണ് ഇത് സംഘടിപ്പിച്ച് വരുന്നത്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ, സ്ത്രീ സംരക്ഷണ നിയമങ്ങളുടെ പരിപാലനം, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങളും, ഹെൽപ്പ് ലൈൻ നമ്പരുകളും, സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള ബോധവത്ക്കരണങ്ങളും പരിഹാരങ്ങളുമാണ് ഇതിന്റെ ഉദ്ദേശ്യവും പ്രവർത്തന രീതിയും. |
| സി) പൊതുസ്ഥലങ്ങളിലും, സ്കൂളുകളിലും, വീട്ടിലും, യാത്രയിലും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;<br><br>ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി&ഡി) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടെ സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ് ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽ തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു. |

**സെക്ഷൻ ഓഫീസർ**

ഹ/